mathrubhumi

മാതൃഭൂമി

**November 16, 2016**



ചെന്നൈയിൽ സ്റ്റെല്ലാ മാറിസ് കോളേജിൽ ചൊവ്വാഴ്ച നടന്ന ചടങ്ങിൽ പ്രിൻസിപ്പൽ ജസീന്ത ക്വാഡ്രസ് സംസാരിക്കുന്നു

# സ്റ്റെല്ലാ മാറിസിൽ നൈപുണ്യ വികസന പദ്ധതി

**ചെന്നൈ:** താഴെത്തട്ടിലുള്ള സ്ത്രീകളെ കൈപിടിച്ചുയർത്തുന്നതിൻെറ ഭാഗമായി ചെന്നൈയിലെ സ്റ്റെല്ലാ മാറിസ് കോളേജിൽ നൈപുണ്യപരിശീലന പദ്ധതിക്ക് തുടക്കമായി. ഫാഷൻ ഡിസൈനിങ്, ബ്ലോക്ക് പ്രിൻറിങ് എന്നിവയിൽ തിരഞ്ഞെടുക്കപ്പെട്ട 15 സ്ത്രീകൾക്ക് പരിശീലനം നൽകുന്ന പദ്ധതി ചൊവ്വാഴ്ച കോളേജ് അങ്കണത്തിൽ നടന്ന ചടങ്ങിൽ മാഫോയ് ഗ്രൂപ്പ് ഡയറക്ടർ ലത രാജ് ഉദ്ഘാടനം ചെയ്തു.

ടി.വി.എസ്. ഉപാസനയുടെ സഹകരണത്തോടെ കൈവല്യ ഫൗണ്ടേഷനാണ് പദ്ധതിക്ക് നേതൃത്വം നൽകുന്നത്. രണ്ടുമാസം നീളുന്ന പരിശീലന പരിപാടിയിൽ വിദഗ്ധരായ അധ്യാപകരാണ് ക്ലാസെടുക്കുന്നത്. ജീവിതത്തിൻെറ ഏതുമേഖലയിലും മുന്നേറുന്നതിന് പുതിയ അറിവുകൾ സഹായിക്കുമെന്നും ഒരു പ്രത്യേക നൈപുണ്യം നേടുന്നതിലൂടെ സ്വന്തം കാലിൽ നിൽക്കുന്നതിനുള്ള വലിയ ആത്മവിശ്വാസമാണ് സ്ത്രീകൾ കൈവരിക്കുന്നതെന്നും ലതാരാജ് പറഞ്ഞു. കോളേജ് പ്രിൻസിപ്പൽ ജസീന്ത ക്വാഡ്രസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

Activate Window